ചെയ്യാൻ ഉദ്ദേശിക്കുന്നത്. മുകളിൽ പറയുന്ന വിലയ്ക്ക് കേരഫെഡ് ചരക്ക് ദുബായ് പോർട്ടിൽ എത്തിച്ചു കൊടുക്കേണ്ടതാണ്.

(ഇ) ഏകദേശം 2.75 കോടി രൂപയുടെ വെളിച്ചെണ്ണ പ്രതിവർഷം കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(എഫ്) ഉണ്ട്.

(ജി) ഗൾഫ് നാടുകളിലെ ആവശ്യത്തിനനുസരിച്ച് കേര വെളിച്ചെണ്ണ കരുനാഗപ്പള്ളി ഫാക്ടറിയിൽ നിന്ന് ഉൽപ്പാദനം നടത്തി കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ട്. 1999-2000 കാലയളവിൽ ഉദ്ദേശ്യം 10,000 മെട്രിക് ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനാണ് പരിപാടി.

18 (*78) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിക്ക് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഇതനുസരിച്ച് കർഷകർ നൽകിയ വൈദ്യുതി ചാർജ്ജ് തിരിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ വൈദ്യുതി സൗജന്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

19 (*79) ഏഷ്യൻ വികസന ബാങ്കിൽ നിന്ന് സംസ്ഥാനത്തിനുള്ള ധനസഹായം

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ ധനാഗമന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങൾക്ക് സഹായം നൽകാനുള്ള ഏഷ്യൻ വികസന ബാങ്കിന്റെ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly